Page 1 of 1

**കടിവെള്ള/ഗതാഗത പ്രശ്നങ്ങൾ**

259 (948) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ പ്രധാന പാതകളുടെ വശങ്ങളിലായി കുടിവെള്ള വിതരണത്തിന് വർഷങ്ങൾക്ക് മുൻപ് ഇട്ടിട്ടുള്ളതും നിലവിൽ കാലഹരണപ്പെട്ടതുമായ എ.സി. പൈപ്പുകൾ തുടർച്ചയായി പൊട്ടുന്നതുമൂലം നിലനിൽക്കുന്ന കുടിവെള്ള/ ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പൈപ്പുകൾ ഒഴിവാക്കി D.I. പൈപ്പുകൾ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) സമയബന്ധിതമായി അനുബന്ധ പ്രവർത്തനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടൂർ മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന എ.സി. പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 1,100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ട അനുബന്ധ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പുതിയ കുടിവെള്ള പദ്ധതികൾ**

260 (949) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കിയതും പുതിയതായി നടപ്പാക്കുന്നതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നതിന്റെയും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly